**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 74

08.03.12 ൽ
മറുപടിയ്ക്ക്

## ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു.കുരുവിള :<br>ശ്രീ. മോൻസ് ജോസഫ് ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | എ) ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ആവശ്യമായ നിയമം ഇപ്പോൾ നിലവിലില്ല. 1977 ലെ കേരളാ ഫുഡ് സ്റ്റഫ്സ് ഓർഡർ അനുസരിച്ച് വില പ്രദർശിപ്പിക്കണം. ഇപ്രകാരം വില പ്രദർശിപ്പിക്കാത്തവർക്കെതിരെ അവശ്യ വസ്തു നിയമ പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന വില നിശ്ചയിക്കുവാൻ നിയമമില്ല. ഭക്ഷ്യ വസ്തുക്കളുടെ വിലനിലവാരം, പാചകച്ചെലവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സാധനങ്ങളുടെ വിലനിലവാരത്തിന് സ്റ്റാന്റേർഡൈസേഷൻ ഏർപ്പെടുത്തുന്നതിനായി ഹോട്ടലുകൾക്ക് ഗ്രേഡിംഗ് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) പാലിന്റെയും പാചകവാതകത്തിന്റെയും വില വർദ്ധനവ് ഉണ്ടാകുമ്പോൾ സംസ്ഥാനത്തെ പല ഹോട്ടലുകളിലും അന്യായമായ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) തലസ്ഥാന നഗരം ഉൾപ്പെടെയുള്ള പ്രധാന സ്ഥലങ്ങളിലെ ഹോട്ടലുകളിൽ അവശ്യ വസ്തുക്കൾക്ക് ക്രമാതീതമായി വില കൂടുന്ന സാഹചര്യത്തിൽ, ഭക്ഷണ പദാർത്ഥങ്ങൾക്ക് വർദ്ധിപ്പിച്ച വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) എങ്കിൽ പ്രസ്തുത ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കുമോ ; | സി) ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരം, പാചകച്ചെലവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സാധനങ്ങളുടെ വില നിലവാരത്തിന് സ്റ്റാന്റേർഡൈസേഷൻ ഏർപ്പെടുത്തുന്നതിനായി ഹോട്ടലുകൾക്ക് ഗ്രേഡിംഗ് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത് നിലവിൽ വരുന്നതോടെ ഈ പ്രശ്നത്തിന് പരിഹാരം ആകുമെന്ന് കരുതുന്നു. |

| | | | |
|---|---|---|---|
| ഡി) | സംസ്ഥാനത്ത് കൂടുതൽ ന്യായവില ഹോട്ടലുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | ഡി) | നിലവിൽ സംസ്ഥാനത്ത് 9 മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഓരോ താലൂക്കിലും 2 വീതം മാവേലി ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഹോട്ടലുകൾ തുടങ്ങാൻ സന്നദ്ധരായ വ്യക്തികളോ സംഘടനകളോ മുന്നോട്ടു വന്നാൽ ആയതിനുള്ള സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതാണ്. |
| ഇ) | വെജിറ്റേറിയൻ ഹോട്ടലുകളുടെ മറവിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഹോട്ടലുടമകൾ അമിതവില ഈടാക്കുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ? | ഇ) | പച്ചക്കറികളുടെയും മറ്റ് അവശ്യവസ്തുക്കളുടെയും അനിയന്ത്രിതമായ വിലക്കയറ്റം മൂലം ഹോട്ടലുകൾ ഭക്ഷണ പദാർത്ഥങ്ങൾക്ക് നേരിയ തോതിൽ വർദ്ധിപ്പിച്ച വില ഈടാക്കുന്നുണ്ട്. ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കുവാനുള്ള അധികാരം ഇല്ല. 1977 ലെ കേരളാ ഫുഡ് സ്റ്റഫ്സ് ഓർഡർ (ഡിസ്പ്ലേ ഓഫ് പ്രൈസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) അനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ